# കുട്ടിപ്പട്ടങ്ങളുടെ ലോകം



## ഗവൺമെന്റ് ഹയർ സെക്കണ്ടറി സ്കൂൾ ആറാട്ടുതറ

## ഉൾപ്പേജുകളിലൂടെ

1 പഠനയാത്ര
2 വിത്തിനുകൊടുക്കാനുള്ള സമ്മാനപ്പൊതി
3 സ്നേഹം കൊണ്ട് ശത്രുതയെ തോൽപ്പിച്ചപ്പോൾ
4 അമ്മ
5 പഴഞ്ചൊല്ലുകൾ
6 പഴഞ്ചൊല്ല്
7 ചിത്രങ്ങൾ
8 ഡിജിറ്റൽ ചിത്രങ്ങൾ
9 കടംകഥകൾ
10 പറക്കുന്ന പുലികളും ഭീമൻ എലികളും
11 പരിസ്ഥിതി മലിനീകരണം
12 കടം കഥകൾ
13 ദുഷ്ടനായ കുറുക്കൻ
14 കടംകഥകൾ
15 നന്ദി

# _സുവർണ നിമിഷങ്ങളിലൂടെ












# കുട്ടിപട്ടങ്ങളുടെ ലോകത്തിനു പിന്നിൽ പ്രവർത്തിച്ചവർ

1. റോസ് മരിയ ബിജു
2. അനീന ബെന്നി
3. ദിയ സി
4. സൂര്യ എസ്
5. സ്നേഹമോൾ ടി ബി
6. ധന്യ ബാലൻ
7. സാനിയ കൃഷ്ണ
8. ഡെൽന ഡെന്നീഷ്
9. അനു കൃഷ്ണ എം.സി
10. അനുരാഗ് എ.ബി
11. വിഷ്ണു അഭിലാഷ്
12. നിത്യ കെ ജെ

# പഠനയാത്ര



ഗവ:ഹയർ സെക്കണ്ടറി സ്കൂൾ ആറാട്ടുതറ
തിരുവനന്തപുരം.കന്യാകുമാരി
7–12–2018

7–12–2018–ാം തീയതി ഞങ്ങൾ സ്കൂളിൽ നിന്നും പഠനയാത്രക്കുള്ള തയ്യാറെടുപ്പുമായി പുറപ്പെട്ടു.വളരെ ഉൽസാഹം നിറഞ്ഞ ഒരു യാത്രയായിരുന്നു അത്.7–ാം തീയതി വൈകുന്നേരം 4 മണിയോടെയാണ് ഞങ്ങൾ യാത്ര ആരംഭിച്ചത്.ഏകദേശം 40 ഓളം കുട്ടികളും 4 അധ്യാപകരും ഉണ്ടായിരുന്നത്. യാത്രയുടെ ആദ്യപകുതിയിൽ തന്നെഞങ്ങൾ ബസ്സിൽ പാട്ടു വെച്ച് ഡാൻസ് കളിച്ചു.സമയം പെട്ടെന്നു കടന്നുപോയി.രാത്രി ഇരുട്ടി. ഏകദേശം 10 മണിയായപ്പോഴേക്കും എല്ലാവർക്കും വിശന്നു.ഞങ്ങൾ അപ്പോൾ കോഴിക്കോട് എത്തിയിരുന്നു.അവിടെ ഒരു പെട്രോൾ പമ്പിൽ ബസ്സ് നിർത്തിയായിരുന്നു ഞങ്ങൾ ഭക്ഷണം
കഴിച്ചത്.ഭക്ഷണം കഴിച്ചതിനുശേഷം ഞങ്ങൾ ബസിൽ കയറി.

പിന്നെ എല്ലാവരും അവരവരുടെ സീറ്റുകളിൽ ഇരുന്ന് ഉറങ്ങാൻ തുടങ്ങി.ബസ് അവിടുന്ന് പുറപ്പെട്ടു.രാത്രി ഒരുപാട് കടന്നുപോയി.നേരം പുലർന്നു.അപ്പോഴേക്കും ഞങ്ങളഅ തിരുവനന്തപുരം എത്തിയിരുന്നു.ക്ളോക്കിൽ സമയം 6 മണിയോട് അടുത്തിരുന്നു.തിരുവനന്തപുരത്ത് ഒരു ടൂറിസ്റ്റ് ഹോട്ടലിൽ വാഹനം നിർത്തി.ഞങ്ങൾ എല്ലാവരും അനുവഗിച്ച മുറികളിൽ പോയി കുളിച്ചു.പ്രഭാതകൃത്യങ്ങൾക്കുശേഷം വീണ്ടും ബസിനരികിലേക്ക്.

എല്ലാനരും ബസിൽ കയറി.അപ്പോഴാണ് അധ്യാപകർ പറയുന്നത്, ആദ്യം നമ്മൾ പോകുന്നത് ശ്രീ പദ്മനാഭ ക്ഷേത്രത്തിലേക്കാണെന്ന്.ആദ്യം എല്ലാവരിലും വലിയ കൗതുകം ജനിപ്പിച്ച ഒന്നായിരുന്നു അത്.ആ അമ്പലത്തിൽ ദർശനം നടത്തിയതിനു ശേഷവും അങ്ങനെയായിരുന്നു.ദശലക്ഷം ശതാബ്ദങ്ങൾക്കുമുൻപു തന്നെ നമ്മുടെ പൂർവ്വികരിൽ ചിലർ അതി മനോഹരമായി പ്രയത്നിച്ച് കഠിനാധ്വാനം ചെയ്ത് ശിലകളാൽ കൊത്തി നിർമിച്ച ഒരു പുണ്യ സ്ഥലം.അതാണ് പദ്മനാഭ സ്വാമി

**ക്ഷേത്രം.ക്ഷേത്രത്തിൽ നിന്നും ഞങ്ങൾ പുറപ്പെട്ടത് ഒരു വലിയ മ്യൂസിയത്തിലേക്കാണ്.അതി മനോഹരവും പച്ചപ്പ് നിറഞ്ഞതുമായിരുന്നു അവിടം.ആ ദിവസം ഞങ്ങൾക്ക് വളരെ അധികം സ്വാതന്ത്യത്തിന്റെ മധുരം നുകരാൻ കഴിഞ്ഞു. അവിടെ പലതരം പക്ഷികളും മൃഗങ്ങളും മറ്റും ഉണ്ടായിരുന്നു. അതെല്ലാം മനസിനെ ചുംബിച്ചു.ആ മ്യൂസിയത്തിന്റെ തൊട്ട് മുകളിലായി ഒരു വലിയ കൊട്ടാരം തന്നെയുണ്ടായിരുന്നു.അവിടെ സന്ദർശിച്ച ശേഷം ഞങ്ങൾ കന്യാകുമാരിയിലേക്കു വിട്ടു.പോകും വഴി ബസിൽ നിന്ന് പ്രഭാതഭക്ഷണം കഴിച്ചു.കുറച്ചു ദൂരമെത്തിയപ്പോൾ ബസിൽ സിനിമ വെച്ചു.അത് എല്ലാവരും ആസ്വദിച്ചു.സിനിമ കഴിഞ്ഞതിനു ശേഷം പാട്ടുവെച്ച് ഡാൻസ് ചെയ്തു.അങ്ങനെ സമയം ബസിനൊപ്പം  അല്ലെങ്കിൽ അതിനു മുൻപു തന്നെ ഓടാൻ തുടങ്ങി.പിന്നെ ബസ് നിർത്തുന്നത് കന്യാകുമാരി എത്തിയതിനുശേഷമാണ്.അപ്പോഴേക്കും സമയം 7 മണി ആയി. അവിടുന്ന് ഷോപ്പിംഗ് നടത്തി വീണ്ടും ലോഡ്ജിലേക്കു പോയി. നേരം വെളുത്തു.സമയം രാവിലെ 5 മണി. എല്ലാവരും ഫ്രഷ് ആയി ഉദയം കാണാൻ പിറപ്പെട്ടു.അവിടെ എത്തി ഏറെ നേരത്തെ കാത്തിരുപ്പിനു ശേഷം നിറ പുഞ്ചിരിയോടെ ഉദയസൂര്യൻ കടലിൽ നിന്നും ഉയർന്നു ചാടി. ഉദയം കണ്ടതിനു ശേഷം ഞങ്ങൾ വിവേകാനന്ദപാറ കാണാൻ ബോട്ടിംഗ് നടത്തി. ബോട്ടിലൂടെ അക്കരക്ക് പോയി. അതും വളരെ രസമായിരുന്നു.അവിടെയും കണ്ട് ഞങ്ങൾ നേരെ തിരിച്ച് വണ്ടിയിൽ കയറി ലോഡ്ജിൽ പോയി ബാഗും മറ്റും എടുത്ത് വീണ്ടും വണ്ടിയിലേക്ക്...**

**പ്രഭാതഭക്ഷണം കഴിഞ്ഞ് വീണ്ടും പാട്ട് വെച്ചു.അപ്പോൾ എല്ലാവരും പാട്ട് വേണ്ട എന്നു പറഞ്ഞു.ആ സമയത്ത് അധ്യാപകരും ബസിലെ ചേട്ടനും ഞങ്ങളെല്ലാവരും അന്താക്ഷരി കളിച്ചു.അത് വളരെ രസകരമായിരുന്നു. അങ്ങനെ സമയം പോയി.വീണ്ടും വൈകുന്നേരം വന്നു.അപ്പോൾ ഞങ്ങൾ കോവളത്ത് എത്തിയിരുന്നു.അവിടെ കടലിൽ ഇറങ്ങി കളിച്ച ശേഷം തിരിച്ചുവരാൻ എല്ലാവരും തയ്യാറായി.അങ്ങനെ വണ്ടി വീണ്ടും വയനാട്ടിലേക്ക്. രാവിലെയോടെ ഞങ്ങൾ വയനാട്ടിലെത്തി.**



ANU KRISHNA M C
10A

# വിത്തിന് കൊടുക്കാനുള്ള സമ്മാനപ്പൊതി

മണ്ണു പറഞ്ഞു  വിത്തേ വിത്തേ
നിന്നെ ഞ്ഞാൻ പുതിയെ മുളപ്പിക്കാം
സൂര്യൻ പറഞ്ഞു വിത്തേ വിത്തേ
നിന്നെ പുതിയെ വെയിൽ കാണിക്കാം
മേഘം പറഞ്ഞു വിത്തേ വിത്തേ
നിന്നെ പുതിയെ വെള്ളം തളിയ്ക്കാം
വിത്തു പറഞ്ഞു എന്നും ഞാൻ കടപ്പെട്ടിരിക്കും



നിത്യ കെ ജെ
9 എ

# സ്നേഹം കൊണ്ട് ശത്രുതയെ തോല്പിച്ചപ്പോൾ

സ്നേഹത്തിന്റെ വില അറിയാത്ത ഒരു പെൺകുട്ടിയുടേതാണ് ഈ കഥ.
സർവ്വ സൗഭാഗ്യങ്ങളോടും കൂടി ജനിച്ച ഇവളെ സ്നേഹിക്കാൻ,ഇവൾക്ക് സ്നേഹിക്കാൻ ഒരുപാട് പേരുണ്ടായിരുന്നു.അതുകൊണ്ട് തന്നെ ഇവൾക്ക് സ്നേഹത്തിന്റെ വില അറിയില്ലായിരുന്നു.അവളുടെ ആഗ്രഹം എന്താണെങ്കിലും അത് അപ്പോൾത്തന്നെ നിറവേറ്റുന്ന മാതാപിതാക്കളായിരുന്നു അവളുടേത്.എന്നാൽ അവളുടെ ജീവിതം മാറ്റിമറിക്കാൻ ഒരാൾ കടന്നുവന്നു.അയാളുടെ വരവ് ഇവളുടെ ജീവിതത്തിൽ വരുത്തിയ മാറ്റങ്ങളെക്കുറിച്ചാണ് ഈ കഥ.
ഇവളുടെ പേര് അനുഗ്രഹ.തങ്ങളുടെ മകൾക്ക് ദൈവം സകല അനുഗ്രഹങ്ങളും നൽകട്ടെ എന്നാഗ്രഹിച്ചുകൊണ്ടാണ് ഇവളുടെ മാതാപിതാക്കൾ ഇവൾക്ക് ഈ പേരിട്ടത്.ഇവളെ അനു എന്നാണ് വിളിക്കുന്നത്.
അനു നന്നായി പഠിക്കുന്ന കുട്ടിയായിരുന്നെങ്കിലും അനുവിന്റെ സ്വഭാവം ആർക്കും അത്ര ഇഷ്ടപ്പെട്ടിരുന്നില്ല.അനുവിന്റെ മോശം സ്വഭാവത്തിനു കാരണം അവളുടെ കൂട്ടുകാർ തന്നെയാണ്.അനുവിന്റെ ക്ലാസിൽ ഒരു മോശം പെൺകുട്ടിയുണ്ടായിരുന്നു,സൗമ്യ.അനു സൗമ്യയോട് എപ്പോഴും മോശമായിട്ടായിരുന്നു പെരുമാറിയിരുന്നത്.എന്നാൽ സൗമ്യക്ക്

ആരെയും വെറുക്കാനറിയില്ലായിരുന്നു.തന്നോട് എത്ര ദ്രോഹം ചെയ്തവരാണെങ്കിലും അവരോട് ക്ഷമിക്കാനുള്ള മനസ്സ് സൗമ്യക്കുണ്ടായിരുന്നു.സൗമ്യക്ക് അനുവിനെ ഇഷ്ടമായിരുന്നു.സൗമ്യ അനുവിനോട് ക്ഷമിച്ചിരുന്നു.
അനു നന്നായി പഠിച്ച് പത്താം ക്ലാസിൽ full a plus വാങ്ങിയപ്പോൾ അച്ഛൻ അവൾക്കൊരു ലാപ്പ്ടോപ്പും അമ്മ അവൾക്കൊരു സ്മാർട്ട് ഫോണും മേടിച്ചു കൊടുത്തു.ഇതിന്റെയെല്ലാം അമിത ഉപയോഗം അനുവിന്റെ പഠനത്തെയും ബാധിച്ചു.എന്നാൽ സൗമ്യ നന്നായി പഠിച്ച് നല്ല മാർക്ക് മേടിച്ചു.ഒരിക്കൽ സൗമ്യ അനുവിനെ ഒരാൺകുട്ടിയോടൊപ്പം കണ്ടു.അനുവിന്റെ ഫേസ്ബുക്ക് ഫ്രണ്ട്.സൗമ്യക്ക് അയാളെ അറിയാമായിരുന്നു. സൗമ്യയുടെ ഒരു സുഹൃത്തിനെ ചതിച്ച് കടന്നു കളഞ്ഞതാണയാൾ. ഇയാളെ തിരിച്ചറിഞ്ഞ സൗമ്യ ഈ ബന്ധത്തിൽ നിന്ന് അനുവിനെ പിന്തിരിപ്പിക്കാൻ ശ്രമിച്ചെങ്കിലും നടന്നില്ല. അപ്പോഴും അനു സൗമ്യയോട് മോശമായിത്തന്നെ പെരുമാറി. എന്നിട്ടും സൗമ്യ അടങ്ങിയിരുന്നില്ല, അനുവിന്റെ കൂട്ടുകാരോടും അച്ഛനമ്മമാരോടും തന്റെ സുഹൃത്തിന് വന്നുപെട്ട ചതിയെക്കുറിച്ച് പറഞ്ഞു.ഇതറിഞ്ഞ അവർ ഈ ബന്ധത്തിൽ നിന്ന് അനുവിനെ പിന്തിരിപ്പിക്കാൻ ശ്രമിച്ചെങ്കിലും നടന്നില്ല. കാരണം,അനുവിന് അയാളോടുള്ള വിശ്വാസം അത്ര ആഴമുള്ളതായിരുന്നു.തന്നെ ഈ ബന്ധത്തിൽ നിന്ന് പിന്തിരിപ്പിക്കാൻ ശ്രമിച്ചവരെല്ലാവരും അവൾക്ക് ശത്രുക്കളായി. അനുവിന് സൗമ്യയോടുള്ള ശത്രുത വർധിച്ചു.
അങ്ങനെ കാലം കടന്നുപോയി. സൗമ്യയുടെ വിവാഹം കഴിഞ്ഞു.ഭർത്താവ് ഗൾഫിൽ.സൗമ്യയുടെ വിവാഹം കഴിഞ്ഞ് മാസങ്ങൾക്കു ശേഷം ഒരു വാർത്ത അവളറിഞ്ഞു.അനുവും കാമുകനും ഒളിച്ചോടി എന്ന വാർത്ത. ഇതറിഞ്ഞപ്പോൾ

അനുവിന് വന്നുചേർന്ന ചതിയെക്കുറിച്ചോർത്ത് അവൾ ദുഃഖിച്ചു. സൗമ്യ അനുവും അയാളും താമസിക്കുന്ന സ്ഥലം അന്വേഷിച്ച് കണ്ടെത്തി. അവിടെ കണ്ട കാഴ്ച അവളെ ശരിക്കും തളർത്തി.ആത്മഹത്യക്കൊരുങ്ങുന്ന അനുവിനെയാണ് അവിടെ കണ്ടത്.അനു ഗർഭിണിയാണ്. എന്നാൽ അവളുടെ ഭർത്താവ് അവളെ ചതിച്ചു കടന്നുകളഞ്ഞു.വീട്ടുകാരുടെയും കൂട്ടുകാരുടെയും അടുത്ത് അവൾ പലവട്ടം പോയെങ്കിലും ആരും അവളെ സ്വീകരിച്ചില്ല. ഇതിനിടയിൽ അവളുടെ അച്ഛന്റെയും അമ്മയുടെയും മരണ വാർത്ത അവളെ കൂടുതൽ തളർത്തി. ഈ തളർച്ചയാണ് അവളെ ആത്മഹത്യക്ക് പ്രേരിപ്പിച്ചത്. അപ്പോഴാണ് സൗമ്യ വന്നത്.അനു സൗമ്യയോട് സത്യങ്ങളെല്ലാം പറഞ്ഞു. ഒരു അനാഥയുടെ ദുഃഖം അനു മനസ്സിലാക്കി. സൗമ്യ അനുവിനോട് ക്ഷമിച്ച് അവളുടെ കൂടെ താമസിപ്പിക്കാൻ തയ്യാറായി.സൗമ്യയെ കളിയാക്കിയ ഓരോ നിമിഷത്തെയും അനു ശപിച്ചു.എല്ലാം മറന്ന് അവർ ഒരു പുതിയ ജീവിതം ആരംഭിച്ചു.

റോസ് മരിയ ബിജു
9 ബി



# അമ്മ

അമ്മക്കൊരുമ്മ ഞാൻ നൽകിടട്ടെ
ആ മടിത്തട്ടിലൊന്നിരുന്നോട്ടെ
നിൻ താരാട്ടുപാട്ടുകളിലൊന്നു ലയിച്ചോട്ടെ
നീ അല്ലാതാരുമില്ല അമ്മേ
നിൻ പുഞ്ചിരി ഒന്ന് കണ്ടോട്ടെ



സ്നേഹമോൾ ടി ബി
9 എ

# പഴഞ്ചൊല്ലുകൾ

- അകത്തുള്ളതു മുഖത്തു വിളയും
- അങ്ങാടിക്കു പോകാൻ ചങ്ങാതി വേണ്ട
- അഞ്ചിലെ വിളയാത്തത് അമ്പതിൽ വിളയുമോ
- അടക്കമില്ലാഞ്ഞാൽ അടുപ്പിൽ
- അച്ഛനെ കുത്തിയ കാള ചെറുക്കനെയും കുത്തും
- അടി കൊണ്ട വിദ്യയേ അരങ്ങത്തുള്ളൂ
- അടി തെറ്റിയാൽ ആനയും വീഴും
- അത്താഴം അത്തിപ്പഴത്തോളം
- അത്തിപ്പഴം പഴുക്കുമ്പോൾ കാക്കക്ക് വായ്പ്പുണ്ണ്
- അധികം ബുദ്ധിയുള്ള പൊന്മാൻ കിണറ്റിലേ മുട്ടയിടൂ
- അന്യന്റെ കരട് നോക്കരുത്
- ആ ഇരയിൽ ഈ മീൻ കൊത്തുകയില്ല
- ആങ്ങള മരിച്ചാലും നാത്തൂന്റെ ദുഖം കാണാൻ ആഗ്രഹിക്കുക
- ആടാൻ വയ്യാത്ത നടി അരങ്ങ് മതിയാവുല്ലെന്നു പറയും
- ആന കൊടുക്കിലും ആശ കൊടുക്കരുത്
- ആനക്കുഴിയിൽ ആനയെ കയറ്റാൻ ആന തന്നെ വേണം
- ആനപ്പുറത്തിരിക്കുന്നവന് നാളെ പേടിക്കണോ
- ആനച്ചോറ് കൊലച്ചോറ്
- ആധി തന്നെ വ്യാധി
- ആവശ്യക്കാരന് ഔചിത്യമില്ല

- ഇച്ഛാധിക്യം ഉച്ഛിഷ്ടം തീറ്റം
- ഇടതുകൈ കൊടുക്കുന്നത് വലതു കൈ അറിയരുത്
- ഇനം തിരിഞ്ഞ് പുല്ലിടരുത്,ഇല തിരിഞ്ഞ് ഉപ്പിടരുത്
- ഇടംവലം അറിയാത്തവനോട് ഇണക്കം പാടില്ല
- ഉക്കണ്ടം എനിക്കും തേങ്ങ മുല്ലപ്പള്ളിക്കും
- ഉടുക്കാവസ്ത്രം പുഴ തിന്നും
- ഉടഞ്ഞ ശംഖിൽ നിന്ന് ശബ്ദം വരുമോ
- ഉണ്ടാൽ മയക്കം ഉണ്ടില്ലെങ്കിൽ കറക്കം
- ഉപ്പും വിറ്റു നടന്നവന് കർപ്പൂരത്തിന്റെ വില അറിയുമോ



ധന്യ ബാലൻ
9 ബി

# പഴഞ്ചൊല്ല്

**1.മത്തൻ കുത്തിയാൽ കുമ്പളം മുളയ്ക്കില്ല**
**2. കാക്കയ്ക്ക് തൻകുഞ്ഞ് പൊൻകുഞ്ഞ്**


കുട്ടിപ്പട്ടങ്ങളുടെ ലോകം

3.കുഭത്തിൽ നട്ടാൽ  മീനത്തിൽ കൊയാം
4.ഗതി കെട്ടാൽ പുലി പുല്ല  തിന്നും
5.മിന്നുന്നതെല്ലാം  പൊന്നെല്ലാം
6.വിത്തുഗുണം പത്തുഗുണം
7.എല്ല  മുറിയെ  പണിയെടുത്താൽ പല്ലു മുറിയെ തിന്നാം
8.പട്ടിന്റെ  വാല് പന്തിരാണ്ടുകൊല്ലം കുഴലിട്ടാലും നിവരില്ല
9.കാര്യം കാണാൻ കഴുതക്കാലും പിടിക്കും
10.വേണമെങ്കിൽ ചക്ക വേരിലും കായ്ക്കും
11.ആരാന്റെ അമ്മയ്ക്ക് ഭ്രാന്ത് പിടിച്ചാൽ കാണാൻനല്ല വേല
12.ചങ്ങാതി നന്നായാൽ കണ്ണാടി വേണ്ട
13.ഒരുമയുണ്ടെങ്കിൽ ഉലക്കമേലും കിടക്കാം
14.വേലികിടന്നാൽ പാമ്പിനെ കഴുത്തിൽ ചുറ്റിയ പോലെ
15.വടികൊടുത്ത് അടിവാങ്ങുക
16.ഇരുന്നിട്ടെ കാൽനീട്ടാവൂ
17.പിടിച്ചതുമില്ല കടിച്ചതുമില്ല
18.തൊട്ടതെല്ലാം പൊന്നെല്ലാം
19.അങ്ങാടിയിൽ തോറ്റതിന് അമ്മയോട്
20.അമ്മയ്ക്ക്മരണവേദന മകൾക്ക് വിണവായന
21.ഈ കട്ടിൽ കണ്ടു പനിക്കേണ്ട
22.ആ ഇരയിൽ മീൻ കൊത്തുകയില്ല
23.ആകാത്ത കാര്യം തുനിയായ്കവേണം
24.ആകാത്ത കാലത്ത് അരഞ്ഞാൺ ചരടും പാമ്പ്
25.ആണായാൽ ഒരു പെണ്ണു വേണ്ട
26.ആടിനെ പോറ്റാൻ കാടിനെപ്പോറ്റണം
27.അറത്ത കൈക്ക് ഉപ്പിടാത്തവൻ
28.അളന്ന പയറെണ്ണരുത്
29.അര പിടിക്കാനായിരം പണം വേണം
30.അരവൈദ്യൻ  ആളെക്കൊല്ലി



സൂര്യ എസ്
9 എ

കുട്ടിപ്പട്ടങ്ങളുടെ ലോകം





ദിയ സി 9 ബി





അനുരാഗ് എ ബി -10 ബി


കുട്ടിപ്പട്ടങ്ങളുടെ ലോകം





അനുരാഗ് എ

ബി - 10 ബി





വിഷ്ണുഅഭിലാഷ് - 10 ബി

## കടം കഥകൾ

1 താനേ വന്നു താനേ പോയി വന്നപ്പം ചൂട് പോയപ്പം ഇരുട്ട്
2. കിട്ടുന്നതൊക്കെ തിന്നും തിന്നുന്നതൊക്കെ ദഹിക്കും
3. തിന്നില്ല കുടിക്കില്ല , തല്ലാതൊട്ട് മിണ്ടത്തുമില്ല
4. കാലില്ലാത്തവൻ പുഴ നീന്തിക്കിടക്കും
5. അങ്ങേ വീട്ടിലെ മുത്തശ്ശിക്ക് ഇങ്ങേലെ വീട്ടിൽ മുറ്റമടി
6. അടി മുള്ള് നടുകാട് തല പൂവ്
7. അണിഞ്ഞാൽ എടുക്കാനാവാത്ത വെള്ളിതാലി
8. കറുപ്പാണ് എന്റെ നിറം. നീ എവിടെപ്പോയാലും നിന്റെകൂടെ ഞാനും വരും
9. അമ്മ കല്ലിലും മുള്ളിലും മകൾ കല്യാണപന്തലിലും
10. ആയിരം പോലീസിനെ ഒരു ബെൽറ്റ് ഇട്ടുപൂട്ടി
11. ഒരമ്മ പെറ്റതെല്ലാം കറുത്ത പട്ടാളം
12. അരിവയ്ക്കും മുമ്പേ കറി വെയ്ക്കും
13. അച്ഛൻ മുള്ളൻ അമ്മ മിനു മിനു മകൾ മണി മണി
14. കൊമ്പിൻ മേൽ തുളയുള്ള കാള
15. നീണ്ടു നീണ്ടു മാനം നോക്കി പോകുന്ന പച്ചക്കുപ്പായക്കാരൻ
16. ചട്ടിത്തലയൻ ചന്തയ്ക്കുപോയി
17. ഒരാൾക്ക് കാലിലും തലയിലും തൊപ്പി
18. എങ്ങും തിങ്ങിനടക്കും ആർക്കും പിടികൊടുക്കില്ല
19. അരി പിരി അരി പിരി വല്ലി വല്ലിയിലായിരം മുത്തുമണി
20. അമ്മയ്ക്ക് വാലില്ല, മക്കൾക്കെല്ലാം വാല്
21. ഒറ്റത്തടി മരമാണേ വേരില്ലാ മരമാണേ തുഞ്ചത്തു കാൺമതെന്തിലയോ പൂവോ
22. ഒരമ്മ 2 മുറം വീശി വീശി
23. അച്ചെടി കൊമ്പത്തൊരു കുടം ചോര
24. മുള്ളുണ്ട് മുരിക്കല്ല, കയ്പ്പുണ്ട് കാഞ്ഞിരമല്ല
25. അനയെ തളയ്ക്കാൻ തടിയുണ്ട്. ജീരകം പൊതിയാൻ ഇലയില്ല

## ഉത്തരങ്ങൾ

1. സൂര്യൻ
2. തീ
3. ചെണ്ട
4. പാമ്പ്
5. മുള
6. കൈതച്ചക്ക

7. കോലം
8. നിഴൽ
9. വാഴയും വാഴപ്പഴവും
10. ചൂൽ
11. കട്ടുറുമ്പ്
12. ചീര
13. ചക്ക
14. കിണ്ടി
15. മുള
16. തണ്ണിമത്തൻ
17. ഉലക്ക
18. കാറ്റ്
19. കുരുമുളക്
20. തവള
21. കൊടിമരവും കൊടിയും
22. ആന
23. ചുവന്ന ചെമ്പരത്തി
24. പാവയ്ക്ക
25. പുളിമരം



അനീന ബെന്നി

## പറക്കുന്ന പുലികളും

## ഭീമൻ എലികളും

പണ്ട് ഒരു കാട്ടിൽ പുലികളെയും എലികളെയും എല്ലാവർക്കും പേടിയായിരുന്നു. അതിനു കാരണം പുലികൾക്ക് വലിയ ചിറകുകൾ ഉണ്ടായിരുന്നു. അവ ആകാശത്ത് പറന്നുനടന്ന് മൃഗങ്ങളെ വേട്ടയാടിയിരുന്നു. അന്നത്തെ എലപകൾക്ക് ഒരു പന്നിയേക്കാൾ വലിപ്പമുണ്ടായിരുന്നു. അതുകൊണ്ടുത്തന്നെ അവർ നിമിഷനേരം കൊണ്ട് മലകൾ തുരന്ന് മറിക്കും.

വൻമരങ്ങളുടെ വേരുകൾ കരണ്ട് മുറിച്ച് വീഴ്ത്തും. ഭൂമിക്കടിയിലൂടെ വലിയ തുരങ്കങ്ങളും ഉണ്ടാക്കും. പറക്കുന്ന പുലികളുടെ രാജാവായിരുന്നു ജിങ്കൻ. കാടിന്റെ നടുക്കുള്ള മലയടിവാരത്തെ ഗുഹയിലായിരുന്നു പുലികളുടെ രാജാവിന്റെ താമസം.

ഒരു ദിവസം കുറെ എലികൾ ആ മല തുരന്ന് മറിച്ചു. രാജാവിന്റെ ഗുഹ തകർത്തു തരിപ്പണമാക്കി. ഇതു കണ്ട് കലി കയറിയ രാജാവ് എല്ലാ പുലികളെയും വിളിച്ച് വരുത്തി നടന്ന കാര്യങ്ങൾ പറഞ്ഞു. ഉടൻ തന്നെ രാജാവ് എല്ലാ എലികളെയും കൊന്നൊടുക്കാൻ ഉത്തരവിട്ടു. പുലികൾ പറന്നുനടന്ന് കണ്ണിൽ കണ്ട എലികളെയെല്ലാം കൊന്നൊടുക്കി. ബാക്കി എലികൾ മണ്ണിനടിയിൽ മാളങ്ങളുണ്ടാക്കി ഒളിച്ചു. പുലികൾ മാളങ്ങൾക്കുചുറ്റും കാവൽ നിന്നു. അതോടെ എലികൾക്ക് പുറത്തിറങ്ങാൻ സാധിക്കാതായി. എലികൾ എല്ലാം പട്ടിണിയുമായി. കൂർത്ത പല്ലുകളും നഖങ്ങളുമുള്ള പുലികളെ നേരിട്ട് എതിർക്കാൻ കഴിയില്ലെന്ന് അവർക്കറിയാമായിരുന്നു. അതുകൊണ്ട് പുലികൾ ഉറങ്ങുന്ന തക്കം നോക്കി പുറത്തുവന്ന് എലികൾ അതിന്റെ ചിറകുകൾ കരണ്ടി മുറിച്ചു. ചിറകുകൾ നഷ്ടമായി പറക്കാൻ കഴിയാതായതോടെ പുലികളുടെ ദേഷ്യം വർദ്ധിച്ചു. അവർ എലികളുടെ മാളത്തിനകത്തേക്കു കയറിയപ്പോഴേക്കും എലികൾ പുറത്തുചാടി ഓടാൻ തുടങ്ങി. പുലികൾ എലികളെ വിടാതെ അവയ്ക്കു പിന്നാലെ കുതിച്ചു. അങ്ങനെ ഓടി ഓടി അവർ എത്തിച്ചേർന്നത് മരുഭൂമിയിലായിരുന്നു. പുല്ലുപോലുമില്ലാത്ത മരുഭൂമി കണ്ട് കുറേ പുലികൾ തിരിച്ചു പോയി. എന്നാൽ കുറച്ചു പുലികൾ എലികളെ ഓടിച്ചുകൊണ്ടേയിരുന്നു. ഭക്ഷണവും വെള്ളവും കിട്ടാതിരുന്നതുകൊണ്ട് അവ ചെറുതായി മാറി. കുറേക്കാലം ഓടിയതുകാരണം എലികൾ വല്ലാതെ ചെറുതായി. മരുഭൂമി കണ്ട് തിരിച്ചുപോയ പുലികൾ മാത്രം പഴയ അവസ്ഥയിൽ തുടർന്നു. എത്ര ചെറുതായിപ്പോയെങ്കിലും എലിക്കു പിന്നാലെയുള്ള ഓട്ടം അവർ നിർത്തിയില്ല, അതുപോലെ എലികളൊടുള്ള അവരുടെ ദേഷ്യവും മാറിയില്ല.

അനീന ബെന്നി

# പരിസ്ഥിതി മലിനീകരണം

നാം ഇന്ന നേരിടുന്ന ഏറ്റവും വലിയ വെല്ലുവിളിയാണ് പരിസ്ഥിതി മലിനീകരണം. നാം തന്നെ സൃഷ്ടിക്കുന്ന ഒരു വലിയ പ്രശ്നമാണിത്. ഇതിന്റെ ആഘാതം നാം തന്നെ അനുഭവിക്കേണ്ടിവരില്ലേ, എന്നാൽ അത് മറ്റാർക്കും അറിയില്ല. അവരുടെ ശ്രദ്ധയിൽ കൊണ്ടുവരേണ്ടത് നാം ഓരോരുത്തരുടെയും കടമയാണ്. മലിനമല്ലാത്ത ഒരു നല്ല പരിസ്ഥിതി സൃഷ്ടിക്കുന്നതിൽ നമുക്ക് കൈകോർക്കാം. ഒരു നല്ല നാളെയ്ക്കായ്...

പരിസ്ഥിതി നമ്മുടെ ഓരോരുത്തരുടെയും ആത്മസുഹൃത്താണ്. പരിസ്ഥിതി സംരക്ഷണം നമ്മുടെ കർത്തവ്യമാണ്. അത് നിറവേറ്റുക തന്നെ വേണം. ഒരു നല്ല പരിസ്ഥിതിക്കായി നമുക്ക് എന്തെല്ലാം ചെയ്യാനാകും. ഈ ജീവജാലങ്ങളുടെയെല്ലാം നിലനിൽപിനുകാരണം പരിസ്ഥിതിയല്ലേ. പരിസ്ഥിതി നശിക്കുമ്പോൾ ഓരോ മനുഷ്യ ജീവി വർഗവും നശിക്കുന്നു. ഇവിടം കൊണ്ട് അവസാനിക്കുകയാണ് ഈ യാത്ര എന്നു പറയാനാകില്ല. മനുഷ്യൻ വരുത്തിവയ്ക്കുന്ന ആഗോളതാപനവും മലിനീകരണവും വേട്ടയാടലും കാരണം പല ജീവി വർഗവും ഇന്ന് ഭൂമിയിൽ ഇല്ല, അതുപോലെ മനുഷ്യനും വംശനാശം വന്നുകൂടായ്കയില്ല. വനങ്ങളെയും നദികളെയും മലകളെയും സംരക്ഷിച്ചും ,
ജല – വായു പരിസ്ഥിതി മലിനീകരണം ഒഴിവാക്കിയും നമുക്ക് ഭൂമിയെ സംരക്ഷിക്കാം. അങ്ങനയെ മനുഷ്യനെ സംരക്ഷിക്കാനാകൂ.

പണ്ടുകാലങ്ങളിൽ താമസിച്ചിരുന്ന നമ്മുടെ പൂർവീകർ പ്രകൃതിയോടിണങ്ങിയാണ് ജീവിച്ചിരുന്നത്. എന്നാൽ മസ്തിഷ്ക വ്യാപ്തവും വിവേഗ ബുദ്ധിയും ഏറെയുള്ള ഈ മനുഷ്യർക്ക് തികച്ചും പരിസ്ഥിതിയുമായി ഇണങ്ങി ജീവിക്കാൻ കഴിയുന്നില്ല. എന്തുകൊണ്ട് ? ബുദ്ധി വികാസത്തോടോടൊപ്പം അവന്റെ ആവശ്യങ്ങളും വർധിച്ചുവരുന്നു. ആവശ്യം നിറവേറ്റാൻ അവൻ പലപല കണ്ടുപിടുത്തങ്ങളും നടത്തി. അതെല്ലാം അവന് ഉപകാരപ്പെട്ടു. എന്നാൽ അവയെല്ലാം പരിസ്ഥിതിയെ ഉൻമൂലനം ചെയ്യാൻ പ്രാപ്തിയുള്ളവയുമായിരുന്നു.

മരങ്ങളെയും തടികളെയും കാട്ടുവള്ളികളെയും ഉപയോഗിച്ച് വീടുനിർമിച്ചിരുന്ന കാലം കഴിഞ്ഞിരിക്കുന്നു. സിമന്റിന്റെ വരവോടെ എല്ലാം കോൺഗ്രിറ്റ് കെട്ടിടങ്ങളായി മാറി. ഇങ്ങനെ മാറിയിട്ട് എന്ത് കാര്യം,

**ഇവയുടെയെല്ലാം അവശിഷ്ടങ്ങൾ പോകുന്നത് പ്രകൃതിയിലേക്കുതന്നെ അല്ലേ. അവയുടെയെല്ലാം വിഭത്ത് നാം മാത്രമല്ല നമ്മുടെ വരും തലമുറകളും നേരിടേണ്ടി വരും.**

**പരിസ്ഥിതിക്കായി കൈകോർക്കാം. നല്ലൊരു പരിസ്ഥിതിയെ വാർത്തെടുക്കാം. നമ്മളാൽ കഴിയുന്ന നല്ലതു ചെയ്യാം. വരു......... ഒന്നായിരിക്കാം. ദുരമൂത്ത മനുഷ്യൻ പച്ചപ്പുനിറഞ്ഞ പ്രകൃതിയെ ഇല്ലായ്മ ചെയ്യുന്നു. നമുക്ക് അത് തടയാം.... നല്ലൊരു പരിസ്ഥിതിക്കായ്...... നാളെയും നന്മക്കായ്. നമുക്ക് കാവൽക്കാരാകാം.........**



**അനുകൃഷ്ണ M C**

## *കടം കഥകൾ*

1. *എത്തിയാലും എത്തിയാലും എത്താത്ത മരത്തിൽ വാടി വീഴാത്ത പൂക്കൾ*
2. *കണ്ടം കണ്ടം കണ്ടിക്കും കണ്ടം പോലും തിന്നില്ല*
3. *കാലിൽ പിടിച്ചാൽ തോളിൽ കയറും*
4. *കോലോട് പറഞ്ഞത് കോളാമ്പി പറയും*
5. *ലഹളയിൽ മുമ്പൻ വേലയിൽ പിമ്പൻ*
6. *വലിയ കൊട്ടയിൽ വലിയ പപ്പടം*

7. വാങ്ങുന്നവന് ഉപയോഗമില്ല ഉപയോഗിക്കുന്നവൻ അറിയുന്നില്ല
8. വഴിയിൽ കഴിഞ്ഞവൻ ചന്തയ്ക്ക് പോയി
9. വയറൊന്ന് വായ രണ്ട്, വയർ നിറയെ മക്കൾ
10. മുറിയുടെ നടുവിൽ ഞൊടിയിടകൊണ്ടൊരു സൂര്യനുദിച്ചു
11. വെളിച്ചത്ത് ചന്ദ്രക്കല ഇരുട്ടത്ത് പൂർണചന്ദ്രൻ
12. വീണു വിരിഞ്ഞു വെള്ള പൂക്കൾ
13. വരുമ്പോൾ കറുപ്പ് പോകുമ്പോൾ വെളുപ്പ്
14. വരമ്പത്തിരുന്നു വാൽകൊണ്ടു വെള്ളം കുടിക്കും
15. രാത്രിയിലെ രാജാവിന് പതിനായിരം കണ്ണ്
16. അകത്തുനിന്നു നോക്കിക്കാണും കണ്ടതൊക്കെ ഉള്ളിലാക്കും
17. അകത്തേക്ക് പോകുമ്പോൾ പച്ചക്ക് പുറത്തേക്ക് പോരുമ്പോൾ ചോന്നിട്ട്
18. അച്ഛൻ തന്നൊരു ഉറുമാല് നനച്ചിട്ടും നനയുന്നില്ല
19. അക്കരെ നിൽക്കും തുഞ്ചാണി ഇക്കരെ നിൽക്കും തുഞ്ചാണി കൂട്ടിമുട്ടും തുഞ്ചാണി
20. അടിച്ചുവാരിയ മുറ്റത്ത് വാരിയെറിഞ്ഞ മണൽ തരികൾ
21. പിടിച്ചാൽ ഒരു പിടി അരിഞ്ഞാൽ ഒരു മുറം
22. പല്ലില്ലാ കാള പുല്ലെല്ലാം തിന്നു
23. മാനത്തൊരു തുമ്പകൊട്ട
24. മലയിലെ അമ്മയ്ക്കു നെറുകയിൽ പൂവ്
25. മയക്കത്തിലും മിഴിയടയ്ക്കാത്ത സുന്ദരിക്കുട്ടി
26. മണ്ണിനുള്ളിൽ മഞ്ഞ നൂല്
27. പോകുമ്പോൾ നാലാൾ നാലു നിറം വരുമ്പോൾ ഒറ്റനിറം
28. മരത്തിന്മേലുണ്ടൊരു തണ്ണീർ പന്തൽ
29. മലയിൽ വാഴ നട്ടു കടലിൽ വേരിറങ്ങി
30. മോതിരത്തലയൻ , കോടാലിക്കാരൻ

## ഉത്തരങ്ങൾ

1. നക്ഷത്രങ്ങൾ
2. കത്രിക
3. കുട
4. മൈക്ക് സെറ്റ്
5. ല എന്ന അക്ഷരം
6. ആകാശത്തിലെ പൂർണചന്ദ്രൻ
7. ശവപ്പെട്ടി
8. ചീര
9. തീപ്പെട്ടി
10. ഇലക്ട്രിക് ബൾബ്
11. പൂച്ചയുടെ കണ്ണ്
12. മലർ
13. തലമുടി
14. നിലവിളക്ക്
15. നക്ഷത്രങ്ങൾ
16. ക്യാമറ
17. മുറുക്കാൻ
18. താമരയില
19. കണ്ണിന്റെ ഇമകൾ
20. നക്ഷത്രങ്ങൾ
21. ചീര
22. വഴി നടന്ന് പുല്ല് നശിക്കുന്നത്
23. നക്ഷത്രങ്ങൾ
24. കൈതച്ചക്ക

25. മീൻ
26. മഞ്ഞൾ
27. മുറുക്കാൻ
28. തേങ്ങ
29. സൂര്യൻ
30. താക്കോൽ



ഡെൽന ഡെന്നീഷ്

## ദുഷ്ടനായ കുറുക്കൻ

ഒരിടത്ത് ഒരു കുറുക്കനും മാനും ജീവിച്ചിരുന്നു. അവർ ഒരിക്കൽ കാട്ടിൽനിന്നും തീറ്റതേടി നാട്ടിലേക്കിറങ്ങി. അവർ ചെന്നെത്തിയത് ഒരു വയലിലായിരുന്നു. അതും ഒരു കർഷകന്റെ വയലിൽ. മാൻ പറഞ്ഞു. എനിക്ക് ഇത് കാണുമ്പോൾ ഓടിച്ചാടി നടക്കാൻ കൊതിയാകുന്നു. കുറുക്കൻ പറഞ്ഞു. നീ പോയിക്കോളൂ. ഞാൻ ഞണ്ടുകളെ പിടിക്കാം. പിന്നീട് മാൻക്കുട്ടി ഓടിച്ചാടി നടന്നു. തോട്ടക്കാരൻ വിരിച്ച വലയിൽ മാൻക്കുട്ടി അറിയാതെ പെട്ടുപോയി. രക്ഷിക്കാൻ ആരുമില്ലാതെ മാൻക്കുട്ടി സഹായത്തിനായി കുറുക്കനെ വിളിച്ചു. അതുകേട്ട് വന്ന കുറുക്കൻ തന്റെ മനസ്സിൽ വിചാരിച്ച ഇവിടെ നിന്നാൽ താനും അകപ്പെടും. അതിനാൽ മരത്തിന്റെ പുറകിൽ ഒളിക്കാം. കർഷകൻ വരുന്നകണ്ട മാൻക്കുട്ടി എന്തുചെയ്യണമെന്ന് ആലോചിച്ചു. അപ്പോഴാണ് മാൻക്കുട്ടിക്ക് ഒരു ഉപായം മനസ്സിൽ തോന്നിയത്. മരിച്ചതുപോലെ കിടക്കാം.

***കർഷകൻ വല പൊക്കി നോക്കി. മാൻക്കുട്ടി പൊക്കിയനേരം കൊണ്ട് രക്ഷപ്പെട്ടു. കുറുക്കൻ മരത്തിന്റെ പുറകിൽനിന്നും മെല്ലെ പുറത്തുവന്നു. അങ്ങനെ മാൻക്കുട്ടിയെ കുറുക്കൻ നോക്കിനിന്നുപോയി. മാൻക്കുട്ടി മനസ്സിൽ വിചാരിച്ച ആപത്തിൽ രക്ഷിക്കാത്തവനാണോ സുഹൃത്ത്. ആ നാട്ടിൽനിന്നുതന്നെ മാൻക്കുട്ടി പിന്നീട് രക്ഷപ്പട്ടു.***

***നിത്യ കെ. ജെ***

## *കടം കഥ*

1. *കാള കിടക്കും കയറോടും*
2. *ഓട്ടും കുതിര ചാട്ടും കുതിര വെള്ളം കണ്ടാൽ നിക്കും കുതിര*
3. *കിക്കിലുങ്ങും കിലുകിലുങ്ങും ഉത്തരത്തിൽ ചത്തിരിക്കും*
4. *ഒരമ്മപെറ്റ കുട്ടികളെല്ലാം തെപ്പിക്കുട്ടൻമാർ*
5. *ഇല്ലികൊമ്പിൽ പല്ലിമുട്ട*
6. *ഒരു അമ്മയുടെ സാരി മടക്കാലും തീരുല്ല*
7. *അകത്ത് ഇറച്ചി പുറത്ത് രോമം*
8. *ഇട്ടാൽ പൊട്ടും ഇംഗ്ലീഷ് മുട്ട*
9. *കാട്ടിൽ ഒരു തുള്ളി ചോര*
10. *ഇല്ലത്തമ്മ കുളിച്ച് വരുമ്പോൾ വെള്ളിക്കിണ്ണം തുള്ളി തുള്ളി*

## ഉത്തരങ്ങൾ

1. മത്തൻ
2. ചെരുപ്പ്
3. താക്കോൽ
4. തീപ്പെട്ടി
5. നെല്ലിക്ക
6. റോഡ്
7. മൂക്ക്
8. കടുക്
9. അരി തിളക്കുന്നത്
10. മഞ്ചാടി

സ്നേഹമോൾ ടി ബി



ദിയ സി 9 ബി

# നന്ദി

കുട്ടിപ്പട്ടങ്ങളുടെ ലോകം പ്രാവർത്തികമാക്കാൻ സഹായിച്ച എല്ലാവർക്കും ഇതിന് നേതൃത്വം നൽകിയ വിനോദ് സാറിനും സോണടീച്ചർക്കും നന്ദിയുടെ ഒരായിരം പൂച്ചെണ്ടുകൾ അർപ്പിക്കുന്നു...........